**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ഗ്രാമ/ബ്ലോക്ക് പഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർമാർ എന്നിവരുടെ - എസ്റ്റിമേറ്റ് തയ്യാറാക്കൽ/ സാങ്കേതികാനുമതി/ മെഷർമെന്റ്/ചെക്ക് മെഷർമെന്റ് - അധികാരപരിധി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ).145/13/തസ്വഭവ തിരുവനന്തപുരം, തീയതി, 06.04.2013

---

പരാമർശം:- 1. 16.09.2008 ലെ സ.ഉ(കൈ)നം.256/08/തസ്വഭവ

2. 26.12.2012-ൽ കൂടിയ സംസ്ഥാനതൊഴിലുറപ്പ് കൗൺസിലിന്റെ 13-ാമത് മിനിട്ട്സ്.

3. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 06.03.2013-ലെ 25358/ഇ.ജി.എസ്.എ./12/സി.ആർ.ഡി.(1) നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) പ്രകാരം നിലവിലുള്ള ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർ എന്നിവരുടെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിലെ പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തുന്നതിന് നിലവിൽ നിജപ്പെടുത്തിയിട്ടുള്ള അധികാരപരിധി ചുവടെ ചേർത്തിരിക്കും വിധത്തിൽ പുതുക്കി നിശ്ചയിക്കണമെന്ന് സൂചന(2)ലെ തീരുമാനപ്രകാരം സൂചന (3)ൽ മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

| ക്രമ നം. | അധികാരി | നിലവിലെ അധികാരം | | | | അധികാരം പുതുക്കി നൽകുന്നതിനുള്ള നിർദ്ദേശം | | | |
|---|---|---|---|---|---|---|---|---|---|
| | | എസ്റ്റിമേറ്റ് തയ്യാറാക്കൽ | സാങ്കേതിക അനുമതി | മെഷർമെന്റ് | ചെക്ക് മെഷർമെന്റ് | എസ്റ്റിമേറ്റ് തയ്യാറാക്കൽ | സാങ്കേതിക അനുമതി | മെഷർമെന്റ് | ചെക്ക് മെഷർമെന്റ് |
| 1 | ഓവർസിയർ | 150000 | - | 150000 | - | 300000 | - | 300000 | - |
| 2 | എഞ്ചിനീയർ | പരിധിയില്ല | 150000 | പരിധിയില്ല | 150000 | പരിധിയില്ല | 300000 | പരിധിയില്ല | 300000 |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, മിഷൻ ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർ എന്നിവരുടെ

എസ്റ്റിമേറ്റ് തയ്യാറാക്കൽ/ സാങ്കേതികാനുമതി/ മെഷർമെന്റ്/ചെക്ക് മെഷർമെന്റ് അധികാരപരിധി മുകളിൽ ചേർത്തിരിക്കും പ്രകാരം പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജി.ശിവപ്രസാദ്,

അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി, തിരുവനന്തപുരം.
3. എല്ലാ ജില്ലാകളക്ടർ/ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർക്കും.
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റ്മാർക്കും, (ഗ്രാമവികസന കമ്മീഷണർ മുഖേന)
6. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റ്മാർക്കും, (പഞ്ചായത്ത് ഡയറക്ടർ മുഖേന)
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
8. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
9. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ